മദ്യവ്യവസായ കോൺട്രാക്ടറേഴ്സ് അസോസിയേഷന്റെ മെമ്മോറാണ്ടം

*264 [279] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

ശ്രീ. എൻ. വാസുദേവൻ പിള്ള:

ശ്രീ. ടി. കെ. രാമകൃഷ്ണൻ:

ശ്രീ. എം. കെ. കൃഷ്ണൻ:

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മദ്യ വ്യവസായ കോൺട്രാക്ടറേഴ്സ് അസോസിയേഷൻ ഗവൺമെന്റിന് നൽകിയിട്ടുള്ള മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ എന്തു നടപടി സ്വീകരിച്ചു;

(സി) അടുത്ത ഷാപ്പുലേലങ്ങൾക്കു മുമ്പ് ഇതിനെക്കുറിച്ചൊരു അവസാന തീരുമാനം എടുക്കുമെന്നു പ്രതീക്ഷിക്കാമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) കേരള മദ്യ വ്യവസായ കോൺട്രാക്ടറേഴ്സ് അസോസിയേഷൻ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. കള്ള്, ചാരായം, ശീമമദ്യഷാപ്പുകൾ ഇവ ഒറ്റയ്ക്കു ഒറ്റയ്ക്കു ലേലം ചെയ്തു കൊടുക്കുക.

2. ഒരു ഷാപ്പിൽ കൂടുതൽ ഒരാൾക്ക് അനുവദിക്കാതിരിക്കുക.

3. അബ്കാരി കുടിശ്ശികകൾ അടിയന്തിരമായി ഈടാക്കുകയും അവയ്ക്കു നൽകിയിട്ടുള്ള സ്റ്റേകൾ പിൻവലിക്കുകയും അവ തുടർന്നു നൽകാതിരിക്കുകയും ചെയ്യുക.

4. ഈ രംഗത്ത് രാഷ്ട്രീയ സ്വാധീനങ്ങൾ ദുർവിനിയോഗം ചെയ്യുന്നത് അവസാനിപ്പിക്കുക.

5. ലേലം ശരിയായ രീതിയിൽ നടത്തുക.

6. ലേലഹാളിൽ പരിപൂർണ്ണ രക്ഷാനടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ്.

(ബി,സി) മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

കെ. എസ്. ആർ. ടി. സി. സർവ്വീസിനിറക്കിയ പുതിയ ബസ്സുകൾ

*265 [280] ശ്രീ. വട്ടിയൂർക്കാവ് രവി:

ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ദിവസവും ഓരോ പുതിയ ബസ്സിറക്കും എന്നുള്ള മന്ത്രിയുടെ പ്രസ്താവന ഇപ്പോഴും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് ഇതുവരെയായി എത്ര പുതിയ ബസ്സുകൾ സർവ്വീസിനിറക്കി?

LIBRARY ARCHIVES Kerala Legislative Assembly